(ബി) പ്രസ്തുത നിയമങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിലുള്ള കാലവിളംബത്തിനുള്ള കാരണം വിശദമാക്കുമോ ;

(സി) ഭേദഗതി നിയമങ്ങൾ പ്രകാരം ആവശ്യമായ മാറ്റം മൂലനിയമത്തിൽ വരുത്തി പ്രസിദ്ധപ്പെടുത്തുകയും ഭേദഗതി നിയമങ്ങൾ റദ്ദാക്കുകയും ചെയ്യുന്ന നടപടികൾ സ്വീകരിക്കാറുണ്ടോ ; എങ്കിൽ ഏതു വർഷം വരെയുള്ള നിയമങ്ങൾ അപ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട് ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ഭവന ഭാരത് പദ്ധതി

204 (549) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിടപ്പാടമില്ലാത്തവർക്കായി ഭവന ഭാരത് എന്നൊരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന ഭവന രഹിതർക്കാണ് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഭവന ഭാരത് എന്ന പദ്ധതി ഭവന നിർമ്മാണ വകുപ്പ് ആവിഷ്കരിച്ചിട്ടില്ല.

മൈത്രീ ഭവന വായ്പാ കുടിശ്ശിക

205 (550) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവന നിർമ്മാണ ബോർഡിൽനിന്നും എടുത്ത മൈത്രീ ഭവന വായ്പയുടെ കുടിശ്ശിക എഴുതിത്തള്ളാൻ ഉത്തരവായിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) വായ്പാ ഗഡുക്കൾ പൂർണ്ണമായും കൈപ്പറ്റാത്തവരുടെ കുടിശ്ശിക എഴുതിത്തള്ളുന്നതിന് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മൈത്രീ ഭവന പദ്ധതി പ്രകാരം വായ്പയെടുത്ത 38,384 ഗുണഭോക്താക്കളുടെ കടിശ്ശികയായ 137.94 കോടിരൂപ 8-11-2011-ലെ സ.ഉ. (എംഎസ്.) 34/2011/ഭവനം പ്രകാരം എഴുതിത്തള്ളിയിട്ടുണ്ട്.

(ബി) മൈത്രീ ഭവന പദ്ധതി പ്രകാരം ഭാഗികമായി വായ്പാ ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ കടിശ്ശിക എഴുതിത്തള്ളുന്നത് സംബന്ധിച്ച് തീരുമാനമായിട്ടില്ല.

ഗൃഹശ്രീ ഭവന പദ്ധതി

206 (551) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പാലോട് രവി :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം അനുവദിക്കുന്ന വീടുകളുടെ നിർമ്മാണം ആരെയാണ് ഏൽപ്പിക്കുന്നത് ;

(ബി) പ്രസ്തുത പദ്ധതിക്ക് ഏതെല്ലാം സർക്കാർ ഇതര സംഘടനകളാണ് ധനസഹായം വാഗ്ദാനം ചെയ്തിട്ടുള്ളത് ; ഇതിൽ സർക്കാർ സബ്സിഡി എത്രയാണ് ;

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് നിർമ്മിക്കുന്ന വീടുകൾ എത്ര വർഷത്തേക്ക് കൈമാറ്റം ചെയ്യുകയോ വിൽക്കുകയോ ചെയ്യാൻ പാടില്ല എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് ?

ഉത്തരം

(എ) ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം അനുവദിക്കുന്ന വീടുകളുടെ നിർമ്മാണം അതാത് ഗുണഭോക്താക്കളിൽ നിക്ഷിപ്തമാണ്.

(ബി) ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം ഒരു വീടിനു ലഭിക്കുന്ന സർക്കാർ സബ്സിഡി 2 ലക്ഷം രൂപയാണ്. ധനസഹായം വാഗ്ദാനം ചെയ്തിട്ടുള്ള സർക്കാർ ഇതര സംഘടനകളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. *

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly